# ENVIRONMENT ALERT

**Nature Club Council**
P.B.No 815, Kowdiar
Thiruvananthapuram 695 003
E-mail: nccouncil @hotmail.com



*ഈയിടെയായി പത്രങ്ങളും കൃഷിക്കാരും ഏറെ ചർച്ച ചെയ്യുന്നതും സർക്കാർ ഉടനെ തന്നെ തീരുമാനമെടുക്കാൻ സാദ്ധ്യതയുള്ളതുമാണ് മണ്ഡരി രോഗ നിയന്ത്രണം. ഏററവും അപകടകരമായ ഡൈക്കോഫോൾ ഉപയോഗിക്കാനുള്ള നിർദ്ദേശം ഉാവാനുള്ള സാദ്ധ്യതയുള്ളതു കൊ് നിങ്ങളുടെ പ്രതികരണങ്ങൾ ഉടനെ ഉാവണമെന്നു ആവശ്യപ്പെടാനും ഒരു ചർച്ച തുടങ്ങാനുമായി ഞങ്ങൾ ഇത് അയച്ചു തരികയാണ്. പരസ്പര ആശ്രിതമായ ഒരു ജൈവ മണ്ഡലത്തിലെ ജീവികളായതു കൊ് നമ്മുടെ ഓരോ പ്രവൃത്തിക്കും തീരുമാനത്തിനും ഏറെ ഉത്തരവാദിത്തമു്. യുദ്ധങ്ങളിലും പിന്നീട് കൃഷിയുടെയും വികസനത്തിന്റെയും പേരിലും നാം ഉപയോഗിച്ച രാസവിഷങ്ങൾ നമ്മളിൽ തന്നെ ഉാക്കുന്ന രോഗങ്ങളിൽ ഏററവും നിസ്സാരം കാൻസറാണെന്നും നാം തിരിച്ചറിയുകയാണ്. നമുക്കു ചുററും നാമുാക്കിയ ദുരന്തങ്ങൾ ഭീതിജനകമാണ്. റേച്ചൽ കാർസൺ 'നിശബ്ദ വസന്ത' മെന്ന പുസ്തകത്തിലൂടെ ഒരു അന്വേഷണത്തിന്റെ വെളിപ്പെടുത്തലുയർത്തി നമ്മുടെ ജീവിക്കാനുള്ള അവകാശത്തെ ഉയർത്തിപ്പിടിച്ചിട്ട് നാലു ദശകങ്ങളായി. എന്നിട്ടും നമ്മുടെ കൃഷി ശാസ്ത്രജ്ഞരുടെ അജ്ഞത നമ്മെ ഡൈക്കോഫോളെന്ന ഉത്തരത്തിലെത്തിച്ചിരിക്കുന്നു. തെങ്ങിന്റെ മയിൽ ഉപയോഗിക്കുന്ന വിഷം വായുവിലൂടെ, മണ്ണിലൂടെ, വിളകളിലൂടെ എല്ലാ വഴികളിലൂടെയും തിരിച്ച് നമ്മളിലേക്ക് തന്നെയെത്തുമെന്ന് അറിയാൻ ഒരു കൊച്ചു കുഞ്ഞിന്റെ, കാപട്യമില്ലാതെ ചിന്തിക്കാനുള്ള കഴിവ് വേണം. ആയിരക്കണക്കിനു വർഷം മാററങ്ങളില്ലാതെ വിഷമായി തുടരാൻ കഴിവുള്ള ഡൈക്കോഫോൾ പ്രശ്ന പരിഹാരമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. നമ്മുടെ കൃഷിയുടെ ജൈവികതയെ തടസ്സപ്പെടുത്തുന്ന, കൃഷിഭൂമിയെ നശിപ്പിക്കുന്ന ഉപദേശങ്ങളെ നാം തിരസ്കരിക്കണം. കേരളത്തിന്റെ ആഭ്യന്തര ഉപയോഗത്തിന് തേങ്ങയെത്തുന്നത് തമിഴ്നാട്ടിൽ നിന്നും ആന്ധ്രയിൽ നിന്നുമാണ്. 2000 മാ‍ാടെ വൈദ്യുതിയൊഴിച്ച് ബാക്കിയെല്ലാററിനും നമുക്ക് മററുള്ളവരെ ആശ്രയിക്കാമെന്ന സ്വപ്നം ഭീകരമാണ്. കുടിവെള്ളത്തിലും വായുവിലും മണ്ണിലും വിഷവും, കൂടിയൊഴിപ്പിക്കപ്പെട്ട് കിടപ്പാടം തേടുന്നവരും പുരോഗതിയാണ് എന്ന് കരുതുന്നുവർ ഡൈക്കോഫോൾ ഉപയോഗിക്കാൻ ആവശ്യപ്പെടും. എന്നാൽ നമുക്ക് എന്ത് ചെയ്യാമെന്ന് ഇന്നു തന്നെ ആലോചിക്കാൻ തുടങ്ങുകയും അതനുസരിച്ച് മാറ്റങ്ങൾ വരുത്തുകയും ചെയ്യേത് നമ്മുടെ ഏററവും വലിയ കടമയാണ്.*

---

gather for all beings

## എന്താണ് മണ്ഡരി?

പ്രകൃതിയിൽ ഏറ്റവും അധികം കാണപ്പെടുന്ന ഒരു ജീവിവർഗ്ഗമാണ് പ്രാണികൾ. ഏത് സാഹചര്യത്തിലും പിടിച്ചുനിന്ന് അതിനോടിണങ്ങി സ്വന്തം വംശം നിലനിർത്തൂന്നതിന് കഴിവുള്ള ജീവികളാണിവ. മണ്ഡരിയെന്നാൽ പ്രാണിവർഗ്ഗത്തിൽപെട്ട വളരെ ചെറിയ ചെള്ളുകളാണ് (Mites). സസ്യങ്ങളുടെ കോശങ്ങൾക്കകത്തുള്ള നീരാണിതിന്റെ പ്രധാന ആഹാരം. പല ഇനത്തിലുള്ള മണ്ഡരികൾ നമ്മുടെ നാട്ടിലു്. കേരളത്തിലെ ചില ജില്ലകളിൽ അടുത്തകാലത്തായി പ്രത്യക്ഷപ്പെട്ട വിദേശീയനായ ഒരു മണ്ഡരിയാണ് കരപ്പൻ മണ്ഡരി. 'എറിയോഫിസ്' വിഭാഗത്തിൽപ്പെട്ട 'എറിയോഫിസ് ഗരിറോണിസ്' എന്ന സൂക്ഷ്മ മണ്ഡരിയാണിത്.

## കേരളത്തിലെ മണ്ഡരിബാധ

കേരളത്തിലെ ഒരു പ്രധാന കൃഷിയാണ് തെങ്ങ്കൃഷി. ഭക്ഷ്യവിള എന്നതിനേക്കാൾ ഒരു നാണ്യവിളയായിട്ടാണിതിനെ കൃഷിക്കാരും സർക്കാരും കാണുന്നത്. കേരളത്തിലെ കൃഷിഭൂമിയുടെ 39 ശതമാനവും തെങ്ങു കൃഷിയ്ക്കായിട്ടാണ് ഉപയോഗിക്കുന്നത്. തീര പ്രദേശം തുടങ്ങി മലത്തലപ്പ്വരെ പരന്നു കിടക്കുന്ന തെങ്ങുകൃഷി പ്രധാനമായും ഏകവിളയായിട്ടാണിന്നുള്ളത്.

കഴിഞ്ഞ നാലഞ്ചുമാസമായി കേര കർഷകരെ ഭയപ്പെടുത്തികൊ് നേരത്തെ പറഞ്ഞ കരപ്പൻ മണ്ഡരി തെങ്ങുകളിൽ കുടിയേറിയിരിക്കുകയാണ്. മച്ചിങ്ങയുടെ മൃദുവായ ഭാഗത്തിരുന്ന് അതിന്റെ നീര് ഊറ്റിക്കുടിക്കുകയാണിവർ. തൽഫലമായി മച്ചിങ്ങ കൊഴിഞ്ഞ് വീഴുകയോ തേങ്ങ പേട്തേങ്ങയായി മാറുകയോ ചെയ്യുന്നു. കൃഷിക്കാർ നാലഞ്ചുവർഷമായി ഈ മണ്ഡരിയെ തെങ്ങുകളിൽ കാണുന്നുങ്കെിലും കഴിഞ്ഞ കുറച്ച് മാസങ്ങളായിട്ടാണ് ഇതൊരു വലിയ പ്രശ്നമായി മാറാൻ തുടങ്ങിയിരിക്കുന്നത്. അഞ്ച് ജില്ലകളിൽ ഈ പ്രശ്നം രൂക്ഷമായിട്ടു്.

ഇത്രയും കാലം ശാസ്ത്രീയ ഭാഷയിൽ പറഞ്ഞാൽ ഒരു 'minor pest' പോലും അല്ലാതിരുന്ന ഈ മണ്ഡരി ഇത്ര പെട്ടെന്ന് ഒരു പ്രധാന ശത്രുകീടമായി തീർന്നതെങ്ങിനെ? ഈ പെരുകലിന് എന്തായിരിക്കും കാരണം?

**Contd..**

EA 1. 1998

**ACT NOW!**

നാലഞ്ച് വർഷമായി ചെറിയ തോതിൽ തെങ്ങുകളിൽ കുവന്നിരുന്ന ഈ കീടം ഇങ്ങിനെ പെരുകാൻ ഇക്കൊല്ലത്തെ കാലാവസ്ഥാവ്യതിയാനങ്ങൾ ഒരു പ്രധാന കാരണമാണെന്ന് കാർഷിക വിദഗ്ധർ തന്നെ അഭിപ്രായപ്പെടുന്നു. വളരെ നീ കടുത്തൊരു വേനൽക്കാലമായിരുന്നു ഇക്കൊല്ലം നമുക്കനുഭവപ്പെട്ടത്. ഈ ചൂടിനെ താങ്ങാൻകഴിവുള്ള കീടങ്ങളിൽ ഒന്നായിരിക്കാം മണ്ഡരിയും. മറ്റു പല കീടങ്ങളും ഈ ചൂടിനെ അതിജീവിക്കാൻ കഴിയാതെ നശിച്ചു പോയിട്ടുാകാം. ഇതിൽ പലതും മണ്ഡരിയെ സ്വാഭാവികമായി നിയന്ത്രിച്ചവയും ആയിരിക്കാം.

മണ്ണിന്റെ ശോഷണമാകാം മറ്റൊരു കാരണം. ഏകവിളത്തോട്ടങ്ങൾ മണ്ണിന്റെ പുഷ്ടി കുറയ്ക്കുമെന്നും അതുവഴി നമ്മൾ നട്ടു വളർത്തുന്ന ചെടികൾക്കും ശോഷണം സംഭവിക്കുമെന്നും ഏറെ തെളിഞ്ഞു കഴിഞ്ഞൊരു സംഗതിയാണ്. കേരളത്തിലെ മണ്ണിന്റെ ഫലപുഷ്ടി നിലനിന്നിരുന്നത് പ്രധാനമായും പശ്ചിമഘട്ട വനങ്ങളെ ആശ്രയിച്ചായിരുന്നു. ഈകാടുകളിൽ നിന്നുൽഭവിക്കുന്ന പുഴകൾ കൊുവന്നിരുന്ന എക്കലായിരുന്നു നമ്മുടെ കൃഷിഭൂമികളുടെ സമൃദ്ധി. വനനാശവും അണക്കെട്ടുനിർമ്മാണവും നമ്മുടെ കൃഷി ഭൂമികളുടെ നാശത്തിന് കാരണമായെന്ന് കർഷകർ തന്നെ സമ്മതിക്കുന്ന യാഥാർത്ഥ്യമാണ്. അതിനോടൊപ്പം നാൽപത് വർഷക്കാലത്തെ രാസവള പ്രയോഗവും കൂടി ചേർന്നപ്പോൾ മണ്ണ് ഊഷരമായി. ഇത് കേരളത്തിലെ തെങ്ങ് കൃഷിയെ മാത്രമല്ല മറ്റെല്ലാ വിളവുകളുടെയുംആരോഗ്യത്തെ താറുമാറാക്കിയിട്ടു്. ആരോഗ്യം നശിച്ച തെങ്ങുകൾക്കും മറ്റുവിളകൾക്കും രോഗങ്ങളും കീടബാധയും അധികമാകാൻ ഇതും ഒരു കാരണമായിട്ടുാകും.

മറ്റൊന്ന് കീടനാശിനികളുടെ അമിതോപയോഗമാണ്. കീടനാശിനികൾ ചില പ്രത്യേക കീടങ്ങളെ മാത്രം ഉന്നം വയ്ക്കുന്നവയാണെങ്കിലും മറ്റു പലതിനെയും അത് ഇല്ലായ്മ ചെയ്യുന്നതായി കത്തെിയിട്ടു്. പല കീടങ്ങളും പെരുകാനൊരു കാരണം കീടനാശിനിയുടെ ഉപയോഗമാണെന്നും ലോകമെമ്പാടും തെളിഞ്ഞിട്ടുള്ളൊരു വസ്തുതയുമാണ്. മണ്ഡരിയുടെ പെരുകലിന് ഇതും ഒരു കാരണമാകാമല്ലോ.

ഒരു കാരണത്തെ മാത്രം ചൂിക്കാട്ടി ഇതാണ് എല്ലാപ്രശ്നങ്ങൾക്കും അടിസ്ഥാനം എന്ന് പറയാൻ പറ്റാത്ത വിധം സങ്കീർണ്ണമായിരിക്കുന്നു കാര്യങ്ങൾ. മണ്ഡരിബാധയും ഈ സങ്കീർണ്ണതയ്ക്ക് പുറത്തല്ല.

## നിയന്ത്രണ മാർഗ്ഗങ്ങൾ

മണ്ഡരിബാധ വലിയൊരു പ്രശ്നമായി മാറിയപ്പോൾ നിയന്ത്രണ മാർഗ്ഗങ്ങളെപ്പറ്റിയുള്ള ആലോചനകളും തുടങ്ങി. കാർഷിക സർവ്വകലാശാലയിൽ നടത്തിയ പരീക്ഷണങ്ങൾ നൽകിയ ഉത്തരം മണ്ഡരിയെ ഒഴിവാക്കാൻ ഡൈക്കോഫോൾ എന്ന രാസ കീടനാശിനിയ്ക്കോ വേപ്പെണ്ണയും വെളുത്തുള്ളിയും സോപ്പും കലർന്ന മിശ്രിതത്തിനോ കഴിയും എന്നാണ്. കൃഷി മന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ഇത് ചർച്ച ചെയ്യപ്പെടുകയും ചെയ്തു. എങ്കിലും ബേയർ എന്ന മൾട്ടി നാഷണൽ കമ്പനിയുടെ ഉൽപന്നമായ ഡൈക്കോഫോൾ മതിയെന്നായിരുന്നു തീരുമാനം. അൻപതിലധികം വർഷങ്ങളായി, കാറ്റുവീഴ്ചയുടെ കാരണങ്ങൾ അന്വേഷിച്ചുകൊള്ള കാർഷിക ശാസ്ത്രജ്ഞരുടെ ഗവേഷണം ഇന്നും എവിടെയുമെത്തിയിട്ടില്ല. ഇത് കൃഷിക്കാർക്ക് ശാസ്ത്രജ്ഞരിലുള്ള വിശ്വാസ്യത നഷ്ടപ്പെടാൻ ഇടയാക്കിയിട്ടുന്നെത് ഒരു സത്യമാണ്. അതുകൊ് തന്നെ അവർ നിർദ്ദേശിക്കുന്ന ഡൈക്കോഫോളിലും വേപ്പെണ്ണയിലും തന്നെ എങ്ങിനെയാണ് വിശ്വസിക്കുക? വേപ്പെണ്ണ ഒരു സ്വാഭാവിക ഉൽപ്പന്നമായതിനാൽ അതിന് ഭീകരമായ പാർശ്വ-പരിണിത ഫലങ്ങളുാവില്ലെന്ന് ആശിക്കാമെന്ന് മാത്രം.

തെങ്ങൊന്നിന് 4-5 മില്ലിലിറ്റർ ഡൈക്കോഫോൾ എന്നാണിപ്പോഴത്തെ കണക്ക്. ഇത് വെള്ളത്തിൽ കലക്കി കുലയുടെ മുകളിൽ ഒഴിച്ചുകൊടുക്കുകയാണ് വേത്. ചെറിയ കൈപ്പമ്പുകളിൽ നിറച്ച് മുകളിൽ കൊുപോയി ഒതുക്കത്തിൽ തളിച്ച് സുരക്ഷിതത്വം ഉറപ്പാക്കണമത്രെ. ഡൈക്കോഫോൾ തളിക്കുന്നതിനു മുൻപായിട്ടെടുക്കേ കരുതലുകളെ പറ്റി കൃഷി വകുപ്പ് പുറത്തിറക്കിയിരിക്കുന്ന നിർദ്ദേശങ്ങളുടെ ഒരു നീ പട്ടികയു്. അടുത്തുള്ള കിണറുകളും ജലാശയങ്ങളും മൂടിവയ്ക്കുക. കീടനാശിനി തളിച്ചുകഴിഞ്ഞ തെങ്ങിൽ നിന്ന് രുമാസം കഴിഞ്ഞേ കരിക്ക് എടുക്കാവൂ. പരാഗണം കഴിഞ്ഞ കുലകളിലേ കീടനാശിനി തളിക്കാവൂ. വിളഞ്ഞ തേങ്ങകൾ തളിക്കുന്നതിന് മുമ്പ് പറിച്ച് മാറ്റുക. സമീപത്തു നിന്ന് ഉപയോഗിക്കുന്ന പുല്ലും പച്ചക്കറികളും നേരത്തെ തന്നെ പറിച്ച് മാറ്റിവയ്ക്കുക. നിർദ്ദേശങ്ങൾ ഇങ്ങനെ നീളുന്നു. ഇവയെല്ലാം പാലിച്ചുകൊ് ഡൈക്കോഫോൾ ഉപയോഗിക്കാമെങ്കിൽ സുരക്ഷിതമാകാമെന്നർത്ഥം.

## എന്തിനാണിത്ര മുൻകരുതലുകൾ?

ഡൈക്കോഫോൾ എന്നത് D.D.T. യും B.H.C യും പോലെ ഒരു **ഓർഗാനോ ക്ലോറിൻ** കീടനാശിനിയാണ്. രാസ കീടനാശിനികളുടെ ഉപയോഗം തുടങ്ങിയകാലത്ത് DDT ആയിരുന്നു പ്രധാനമായും ഉായിരുന്നത്. ഉന്നം വയ്ക്കുന്ന കീടങ്ങളെ നിയന്ത്രിക്കുന്നതിൽ നല്ലകാര്യക്ഷമതയും ഇവയ്ക്കുായിരുന്നു. എന്നാൽ പത്ത് വർഷം കൊുതന്നെ ഇവയുടെ ദൂഷ്യ ഫലങ്ങളും കാണാൻ തുടങ്ങി. മത്സ്യങ്ങളിലും പക്ഷികളിലുമൊക്കെയാണ് ഈ ദുരന്തങ്ങൾ കാണാൻ തുടങ്ങിയതെങ്കിലും പിന്നീട് മനുഷ്യരുടെ കൊഴുപ്പിലും മുലപ്പാലിലുമെല്ലാം ഈ കീടനാശിനികളുടെ അംശം കുതുടങ്ങി. മനുഷ്യരിൽ ക്യാൻസർ തുടങ്ങിയ മാരകരോഗങ്ങളും പ്രത്യുൽപാദന തകരാറുകളും വളരെയധികം വർദ്ധിച്ചതും ഹോർമോൺ വ്യവസ്ഥയാകെ താളം തെറ്റിയതും ഇക്കാലത്താണ്. ഇതിനെല്ലാം മറുമരുന്ന് കുപിടിക്കാൻ പരീക്ഷണങ്ങൾ നടത്തിയതും പുതിയ



Contd..

മരുന്നുകൾ വിപണിയിൽ ഇറക്കിയതും കീടനാശിനികമ്പനികൾ തന്നെയായിരുന്നു എന്നതാണ് രസകരമായ വസ്തുത.

എങ്കിലും ചിലരുടെ ശ്രമഫലമായി ഓർഗാനോക്ലോറിൻ കീടനാശിനികളുടെ മാരകവശങ്ങളെക്കുറിച്ചുള്ള വാർത്തകൾ പുറത്ത് വരികയും അതിന്റെ ഫലമായി DDT തുടങ്ങിയ കീടനാശിനികളുടെ ഉൽപ്പാദനവും, ഉപയോഗവും നിരോധിക്കപ്പെടുകയും ചെയ്തു. അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും എഴുപതുകളിൽ തന്നെ ഈ നിരോധനം നിലവിൽവന്നെങ്കിലും നമ്മുടെ നാട്ടിൽ ഇത് എത്താൻ പിന്നെയും വർഷങ്ങളെടുത്തു. 1950 കളിലാണ് DDT. യോട് രാസപരമായ സാമ്യമുള്ള ഡൈക്കോഫോൾ എന്ന കീടനാശിനി റോം ആന്റ് ഹാസ് എന്ന കമ്പനി പുറത്തിറക്കുന്നത്. ആദ്യകാലത്ത് ഡൈക്കോഫോൾ ഉാക്കാനുള്ള അടിസ്ഥാന ചേരുവ DDT ആയിരുന്നു എന്നതും ശ്രദ്ധിക്കേതാണ്. ഇന്നും ഡൈക്കോഫോളിൽ 0.5 മുതൽ 20 ശതമാനം വരെ DDT അടങ്ങിയിരിക്കുന്നു്. പക്ഷേ ഡൈക്കോഫോൾ വിൽക്കുന്ന കുപ്പിയുടെ പുറത്ത് ഇതെഴുതാറില്ല. കാരണം DDT നിരോധിക്കപ്പെട്ടതാണല്ലോ. വികസിത രാജ്യങ്ങളിൽ ഉാക്കിയ DDT വിറ്റു തീരണമല്ലോ. അതുകൊായിരിക്കാം അമേരിക്കയിലെ പരിസ്ഥിതി സംരക്ഷണ ഏജൻസി (EPA) ഒരിക്കൽ ഡൈക്കോഫോളിന്റെ ഉൽപാദനവും ഉപയോഗവും നിരോധിച്ചിട്ടും വീും അവർക്ക് തന്നെ ആ തീരുമാനം മാറ്റേിവന്നത്.

1980 കളുടെ തുടക്കത്തിൽ അമേരിക്കയിലെ ഫ്ളോറിഡ സംസ്ഥാനത്ത് ഡൈക്കോഫോൾ ഉാക്കുന്ന ടവ്വർ കെമിക്കൽ കമ്പനിയിൽ വലിയൊരു പൊട്ടിത്തെറിയുായി. അവിടെനിന്ന് വളരെയധികം കീടനാശിനി ഒഴുകി തൊട്ടടുത്തുള്ള അപോപ്ക തടാകത്തിൽ കലരുകയും ചെയ്തു. 1990 കളിലാണ് ഈ അപകടത്തിന്റെ പരിണത ഫലങ്ങൾ ശാസ്ത്രജ്ഞർ തന്നെ മനസ്സിലാക്കിയത്. കേൾക്കുമ്പോൾ നിസ്സാരമെന്ന് തോന്നാം, അവിടെയുള്ള മുതലകളിലും ചുവന്ന ചെവിയുള്ള ആമകളിലും ഇപ്പോൾ ആൺ വർഗ്ഗത്തെ കാണാനില്ല. ഉള്ളവ തന്നെ ആൺസ്വഭാവം കാണിക്കാതായിരിക്കുന്നു. അവരുടെ വംശം അന്യം നിൽക്കാൻ ഇനി മറ്റെന്തെങ്കിലും വേണോ? ഈസ്ട്രജനെന്ന സ്ത്രീ ഹോർമോണുകളെ അനുകരിക്കുന്ന D.D.E എന്ന ഓർഗാനോ ക്ലോറിൻ വസ്തുവാണിതിന് കാരണമെന്ന് പഠനങ്ങൾ തെളിയിക്കുകയും ചെയ്തു. D.D.E വെള്ളത്തിലെത്തിയത് ഡൈക്കോഫോളിലുള്ള D.D.T യിൽ നിന്നുമാണെന്നും ഈ പഠനങ്ങൾ പറയുന്നു. അങ്ങിനെ ഡൈക്കോഫോൾ വീും ഒരു ചർച്ചാ വിഷയമായി. പലരാജ്യങ്ങളും ഇത് നിരോധിക്കുകയും ചെയ്തു.

ഇങ്ങനെ ഒരു ചരിത്രമുള്ള കീടനാശിനിയാണ് മണ്ഡരി നിയന്ത്രണത്തിനായി കേരളത്തിൽ ഉപയോഗിക്കാമെന്ന് കൃഷി മന്ത്രിയും വിദഗ്ധരും അടങ്ങിയ സംഘം തീരുമാനിക്കുന്നത്. ഈ കുഴപ്പങ്ങളെല്ലാം അറിയുന്നത് കൊുതന്നെയാണ് സുരക്ഷാനിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിരിക്കുന്നത്. തെങ്ങെന്നത് ഒരു ദീർഘകാല വിളയാണ്. ഓർഗാനോ ക്ലോറിൻ കീടനാശിനികളുടെ മാരകഫലങ്ങൾ ദിർഘകാലം നിലനിൽക്കുന്നതുമാണ്.. മാത്രവുമല്ല ഡൈക്കോഫോൾ തളിക്കേത് തെങ്ങിന്റെ മുകൾ ഭാഗത്താണ്. അവിടെ നിന്ന് ഒരു മഴയത്ത് ഈ കീടനാശിനിക്ക് കിനിഞ്ഞിറങ്ങി താഴെ മണ്ണിലെത്താൻ നിമിഷങ്ങൾ പോലും വേ. അന്തരീക്ഷ വായുവിലേയ്ക്ക് ഇതിൽ എത്ര ശതമാനം കലരുമെന്നും അറിഞ്ഞുകൂടാ. ഉഷ്ണ മേഖലാ പ്രദേശങ്ങളിൽ ഉപയോഗിച്ച ഓർഗാനോക്ലോറിൻ കീടനാശിനികൾ അന്തരീക്ഷത്തിലൂടെ ആർട്ടിക്ക് പ്രദേശങ്ങളിൽ വരെ എത്തിയതായി വികസിത രാജ്യങ്ങളിലെ പഠനങ്ങൾ കാണിക്കുന്നുങ്കെിലും നമ്മുടെ നാട്ടിൽ അത്തരം പഠനങ്ങളൊന്നും ഇതുവരെ തുടങ്ങിയിട്ടുപോലുമില്ല.

gather for all beings

ഈ ഒരു സാഹചര്യത്തിലാണ് കീടനാശിനി വിൽക്കുന്ന എല്ലാ സ്റ്റോറുകളിലും ഡൈക്കോഫോൾ സ്റ്റോക്ക് ചെയ്യാനും ഇവിടുത്തെ തെങ്ങുകൃഷിക്കാർ ഇതുവാങ്ങി ഉപയോഗിക്കാനും തുടങ്ങുന്നത്. ഇന്ന് ജീവിച്ചിരിക്കുന്നവരെ മാത്രമല്ല വരും തലമുറകളെക്കൂടി അപകടപ്പെടുത്തുന്ന ഈ തീക്കളിയെപ്പറ്റി നമ്മൾ വളരെയേറെ ആലോചിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യേിയിരിക്കുന്നു. പഠനങ്ങൾ അനുസരിച്ച് **ഓർഗാനോ ക്ലോറിൻ** ആയിരത്തിലധികം വർഷങ്ങൾ അപകടകരമായിത്തന്നെ നിലനിൽക്കുമെന്ന് തെളിയിച്ചിട്ടു്. രോഗലക്ഷണങ്ങളെ രാസവിഷവസ്തുക്കൾ കൊ് ചികിത്സിക്കുന്ന നമുക്ക് രോഗകാരണങ്ങളെ കത്തൊനും അടിസ്ഥാനമാറ്റങ്ങൾക്ക് തയ്യാറെടുക്കാനും സമയമായിരിക്കുന്നു.


കൂടുതൽ വിവരങ്ങൾക്കും ചർച്ചകൾക്കും എഴുതുക :

**S . Usha**
**INTACH, P.B. No. 2230**
**Sasthamangalam P.O.,**
**Thiruvananthapuram - 695 010**


**Nature Club Council**

We also publish: * Nature Concern (Quarterly theme letter) * Environment Education Materials (Monthly) and Discussion papers



Donation
Rs.5/-